**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.728 | 07.11.2016-ൽ മറുപടിയ്ക്ക് |
|---|---|
| **അമൃത് പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.എം.എം.മണി<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ നഗരവികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്രപശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്ര വിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ , ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ് - സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യ പശ്ചാത്തല വികസന പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കെ.എസ്.യു.ഡി.പി മുഖേന നടപ്പിലാക്കിവരുന്നു.<br>ഇതുകൂടാതെ കെ.എസ്.യു.ഡി.പി നോഡൽ ഏജൻസിയായ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതി (JnNURM ) യുടെ രണ്ട് ഉപപദ്ധതികളാണ് (1) നഗരപശ്ചാത്തല വികസനവും ഭരണവും Urban Infrastructure Development & e-Governance (2) ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി Urban Infrastructure Development Scheme for Small and Medium Towns എന്നിവ.<br>നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അമൃത് പദ്ധതി.<br>അടിസ്ഥാനഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പുവരുത്തൽ, ശുദ്ധവും സുസ്ഥിരവുമായ പരിസ്ഥിതി രൂപപ്പെടുത്തൽ, ആധുനിക വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സ്മാർട്ട് സൊല്യൂഷൻസ് ഏർപ്പെടുത്തൽ, കൂടുതൽ സ്മാർട്ട് സിറ്റികൾ രൂപപ്പെടുത്താനുള്ള പ്രേരകമാകൽ എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ ആവിഷ്ക്കരിച്ച പദ്ധതിയാണ് സ്മാർട്ട് സിറ്റി മിഷൻ.<br>അടിസ്ഥാന സൗകര്യ വികസനത്തിനായി സാങ്കേതിക ക്ഷമതയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായം നഗരസഭകൾക്ക് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് അർബൻ 2020.<br>നഗരങ്ങളിൽ നിലവിലുള്ള തെരുവു വിളക്കുകൾ മാറ്റി എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിയാണ് നഗരജ്യോതി പദ്ധതി.<br>ഇതോടൊപ്പം തലസ്ഥാന നഗരവികസന പദ്ധതിയും നടപ്പാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നഗരവികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ 'അമൃത്' പ്രകാരം ഏതൊക്കെ നഗരങ്ങളിലും പട്ടണങ്ങളിലും എന്തൊക്കെ വികസന പദ്ധതികളാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്നറിയിക്കുമോ; | (ബി) | നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അമൃത് പദ്ധതി. സംസ്ഥാനത്തെ ആറു കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് തുടങ്ങിയ നഗരസഭകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. 1). കുടിവെള്ള പദ്ധതികൾ, 2), സ്വിവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ്, 3), സ്റ്റോം വാട്ടർ ഡ്രെയിനേജ്, 4), അർബൻ ട്രാൻസ്പോർട്ട് (നോൺ മോട്ടോർ ട്രാൻസ്പോർട്ട് പദ്ധതികൾ ; നടപ്പാതകൾ, ഫുട് ഓവർ ബ്രിഡ്ജ്, സബ് വേ തുടങ്ങിയ പദ്ധതികൾ), 5), തുറസ്സായ സ്ഥലങ്ങളുടെയും പാർക്കുകളുടെയും നവീകരണം എന്നീ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ നഗരസഭകളിലായി 221 പദ്ധതികളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ; പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | 18.10.2016 ൽ കൊച്ചിയിൽ വച്ച് കേന്ദ്ര നഗര വികസന വകുപ്പ് മന്ത്രിയും കേന്ദ്ര നഗര വികസന വകുപ്പ് സെക്രട്ടറിയും സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകന യോഗം ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും ചെയ്തു. പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ